**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2743** **13-02-2024 - ൽ മറുപടിയ്ക്ക്**

**കയർ തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ആ മേഖലയിൽ പുതിയ പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കയർ തൊഴിലാളികൾക്ക് ന്യായമായ വേതനവും തൊഴിലും ഉറപ്പ് വരുത്തുന്നതിനും, ചെറുകിട കയർ ഉല്പന്ന നിർമ്മാതാക്കൾക്ക് അവരുടെ ഉല്പന്നങ്ങൾക്കുള്ള ന്യായ വില ലഭ്യമാക്കുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ള ക്രയവില സ്ഥിരതാ പദ്ധതി, കയർ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡും കയർഫെഡും ചേർന്ന് സർക്കാർ സഹായത്തോടെ വിജയകരമായി നടപ്പിലാക്കിവരുന്നു. ടി സാമ്പത്തിക വർഷം നാളിതുവരെ കയർ കോർപ്പറേഷൻ 84 കോടി രൂപയുടെ സംഭരണവും 70 കോടി രൂപയുടെ വിറ്റുവരവും നേടിയിട്ടുണ്ട്.<br><br>പരമ്പരാഗത ഉല്പന്നങ്ങളായ ഫൈബർമാറ്റ്, ബിസി1, ബിസി 20 എന്നീ ഉൽപ്പന്നങ്ങൾക്ക് ഓർഡർക്ഷാമം നേരിടുന്നതിനാൽ ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഇത് കണക്കിലെടുത്ത് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ മാർക്കറ്റിൽ ഡിമാൻഡുള്ള കയറുല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കയർ കയറ്റുമതിക്ക് മുന്തിയ പരിഗണന നൽകി ഈ മേഖലയെ ശക്തിപ്പെടുത്താൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | കയർ ഉല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് കയർ പൊതുമേഖലാസ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് എക്സ്പ്പോർട്ട് പ്രമോഷൻ കൗൺസിൽ ഫോർ ഹാന്റി ക്രാഫ്റ്റ്സ്, ഹാൻഡ്ലൂം എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ മുതലായ ഏജൻസികൾ നടത്തുന്ന എക്സിബിഷനുകൾ, |

| | | | |
|---|---|---|---|
| | | | ബയർ സെല്ലർ മീറ്റുകൾ എന്നിവയിൽ നേരിട്ടും ഓൺലൈനിലുമായി പങ്കെടുത്ത് പുതിയ ബയേഴ്സിനെ കണ്ടെത്തി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ കയർ ബോർഡിന്റെ നേതൃത്വത്തിൽ തായ്‌ലന്റിൽ വെച്ച് നടത്തിയ എക്സിബിഷനിൽ പങ്കെടുത്ത് ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും ടി എക്സിബിഷനുകൾ വഴി ലഭിക്കുന്ന അന്വേഷണങ്ങൾക്ക് കത്തിടപാടുകൾ നടത്തി ഓർഡറുകൾ സ്വീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>ഇന്റർനാഷണൽ ബയ്യേഴ്സിനെ ആകർഷിക്കുന്ന തരത്തിലുള്ള ഒരു ഇന്റർനാഷണൽ പ്രൊഡക്റ്റ് ഡിസ്‌പ്ലേ സെന്റർ കയർ കോർപ്പറേഷന്റെ ഹെഡ് ഓഫീസിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ വിദേശ ഉപഭോക്താക്കളുടെ അഭിരുചി അനുസരിച്ചുള്ള സീസണൽ ഡിസൈനുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി ചേർന്ന് നടന്നുവരുന്നു. |
| (സി) | കയർ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ക്ഷേമനിധി അംഗങ്ങളായ കയർ തൊഴിലാളികൾക്ക് വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ സഹായം, ശാരീരിക അവശതയ്ക്കുള്ള പ്രത്യേക സഹായം, അപകട മരണം സംഭവിക്കുന്ന അംഗത്തിന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം, മക്കളുടെ വിദ്യാഭ്യാസ ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതോടൊപ്പം, ക്ഷേമനിധിയിൽ നിന്നും പിരിയുമ്പോൾ പെൻഷനും, വിരമിക്കൽ ആനുകൂല്യവും അനുവദിക്കുന്നുണ്ട്.<br><br>കയർ തൊഴിലാളികൾക്ക് ന്യായമായ വേതനവും തൊഴിലും ഉറപ്പ് വരുത്തുന്നതിനും, ചെറുകിട കയർ ഉല്പന്ന നിർമ്മാതാക്കൾക്ക് അവരുടെ ഉല്പന്നങ്ങൾക്കുള്ള ന്യായവില ലഭ്യമാക്കുനതിനുമായി വിഭാവനം ചെയ്തിട്ടുള്ള ക്രയവില സ്ഥിരതാ പദ്ധതി കയർ പൊതുമേഖലാസ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് സർക്കാർ സഹായത്തോടെ വിജയകരമായി നടപ്പിലാക്കിവരുന്നു. പരമ്പരാഗത മേഖലയിൽ തൊഴിലെടുക്കുന്ന കയർ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിനുള്ള വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 2022-23സാമ്പത്തിക വർഷത്തിൽ 18847 തൊഴിലാളികൾക്കായി 16.83 കോടിരൂപയും |

| | | | |
|---|---|---|---|
| | | | 2023-24 സാമ്പത്തിക വർഷം 14.53 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ